Page 1 of 2

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനെതിരെയുള്ള അതിക്രമം തടയുന്നതിനായി 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം പ്രകാരം നിലവിൽ 4 പ്രത്യേക കോടതികൾ വയനാട് ജില്ലയിൽ മാനന്തവാടി, മലപ്പുറം ജില്ലയിൽ മഞ്ചേരി, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, കൊല്ലം ജില്ലയിൽ കൊട്ടാരക്കര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രസ്തുത കോടതി ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

24(5471) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നുള്ള ഗ്രാന്റ് അടക്കമുള്ള സാമ്പത്തിക സഹായങ്ങൾ നിലവിൽ ലഭിക്കുന്നുണ്ടോ?

2-7-2009-ലെ സ.ഉ.(അച്ചടി)നമ്പർ 50/2009/പ.ജ.പ.വ.വി.വ. പ്രകാരം സംസ്ഥാന യൂണിവേഴ്സിറ്റികളുടെയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടേയും ഓഫ് ക്യാമ്പസ് കോഴ്സുകൾക്ക് അംഗീകൃത ഫീസാനുകൂല്യം അനുവദിക്കുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള സാങ്കേതിക തടസ്സം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ബാധകമല്ല.

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഓൺലൈൻ പഠനസൗകര്യം

25(5472) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനസൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമായിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ക്യൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അമ്പലക്കുന്ന് കോളനിയിലെ 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന 17 വിദ്യാർത്ഥികൾക്ക് ഒരു ഓൺലൈൻ പഠന കേന്ദ്രം സജ്ജീകരിക്കുകയും കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഫെസിലിറ്റേറ്ററെ നിയമിക്കുകയും ചെയ്തു. സന്നദ്ധ സംഘടനയുടെ സഹായത്താൽ ടെലിവിഷൻ സജ്ജീകരിക്കുകയും കോട്ടൂർ ഗ്രാമപഞ്ചായത്തിൽ വകുപ്പിന്റെ സാമൂഹ്യ പഠനകേന്ദ്രം പ്രവർത്തിക്കുന്നുമുണ്ട്. സ്വന്തമായി ഡിവൈസ് ഇല്ലാത്ത കുട്ടികളുടെ വിവരങ്ങൾ സർവ്വേ പ്രകാരം കണ്ടെത്തുകയും ടി കുട്ടികൾക്ക് ഡിവൈസ് ലഭ്യമാക്കുന്നതിന് ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്ലറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസലിന്മേലുള്ള നടപടി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത കോളനികളിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനായി ഇന്റർനെറ്റ് സൗകര്യം ലഭ്യമാണോ; ആവശ്യത്തിന് ഇന്റർനെറ്റ് ലഭിക്കാത്ത കോളനികളിൽ ആയത് ലഭ്യമാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാമോ?

അമ്പലക്കുന്ന് കോളനിയിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ല. ഇതുകൂടാതെ ഇന്റർനെറ്റ് ലഭിക്കാത്ത ഒറ്റപ്പെട്ട സ്ഥലങ്ങളുമുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിനായി ഇന്റർനെറ്റ് സൗകര്യം നിലവിൽ 4 പട്ടികജാതി കോളനികളിൽ ലഭ്യമല്ല. ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

കോതമംഗലം നിയോജകമണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

26(5473) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.